# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.06.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നും നാളെയും ഉത്തർപ്രദേശിലും ബിഹാറിലും സന്ദർശനം നടത്തും; നാളന്ദ സർവകലാശാലയുടെ രാജഗിരിയിലുള്ള ക്യാമ്പസ് പ്രധാനമന്ത്രി നാളെ ഉദ്ഘാടനം ചെയ്യും.

Prime Minister Narendra Modi to visit Uttar Pradesh and Bihar today and tomorrow; The Prime Minister will inaugurate the Rajagiri campus of Nalanda University tomorrow.

2.) പി എം കിസാൻ സമ്മാൻ നിധിയുടെ പതിനേഴാം ഗഡുവിന്റെ വിതരണോദ്ഘാടനം പ്രധാനമന്ത്രി ഇന്ന് നിർവഹിക്കും;
9 കോടിയിലേറെ കർഷകർക്ക് 20,000 കോടിയിലധികം രൂപ വിതരണം ചെയ്യും.

The Prime Minister to release the 17th installment of PM Kisan Samman Nidhi today; More than 20,000 crores will be distributed to more than 9 crore farmers.

3.) കരിമണൽ ഖനനവുമായി ബന്ധപ്പെട്ട പണമിടപാട് ആരോപണത്തിൽ മുഖ്യമന്ത്രിക്കും മകൾക്കും നോട്ടീസ് അയയ്ക്കാൻ ഹൈക്കോടതി നിർദ്ദേശം.

Kerala High Court issues notice to Chief Minister and daughter on mineral sand mining money laundering allegations.

4.) ട്വൻറി-20 ലോകകപ്പിൽ സൂപ്പർ എട്ട് മത്സരങ്ങൾക്ക് നാളെ തുടക്കം.

The Super - 8 matches of the T20 World cup cricket to begin tomorrow.

5.) രാജ്യത്തെ വടക്കൻ മേഖലയിൽ ഉഷ്ണതരംഗം തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; കേരളത്തിൽ ശനിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യത.

The India Meteorological Department forecast severe heat wave conditions in northern part of the country; Kerala to witness heavy rain with thunder and lightning till Saturday.

&&&&&&&&&&&&&&&&&

## HEADLINE-1

### PM-UP-BIHAR

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സ്വന്തം മണ്ഡലമായ വാരാണസിയിലെത്തും. വാരാണസിയിൽ പ്രധാനമന്ത്രി കിസാൻ സമ്മാൻ സമ്മേളനത്തെ അഭിസംബോധന ചെയ്യുന്ന അദ്ദേഹം ഗംഗ ആരതിയിലും പങ്കെടുക്കും. കാശി വിശ്വനാഥ ക്ഷേത്രത്തിലും ശ്രീ മോദി ദർശനം നടത്തും. നാളെ ബിഹാർ സന്ദർശിക്കുന്ന പ്രധാനമന്ത്രി, നാളന്ദ സർവകലാശാലയുടെ രാജഗിരിയിലുള്ള ക്യാമ്പസ് ഉദ്ഘാടനം ചെയ്യും. 17 രാജ്യങ്ങളുടെ പ്രതിനിധികൾ ചടങ്ങിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&

## HEADLINE-2

### KISAN SAMMAN NIDHI

പി എം കിസാൻ സമ്മാൻ നിധിയുടെ പതിനേഴാം ഗഡുവായി 9 കോടി 26 ലക്ഷത്തോളം കർഷകർക്ക് 20,000 കോടിയിലധികം രൂപ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വിതരണം ചെയ്യും. സ്വയം സഹായ സംഘങ്ങളിലെ 30,000 വനിതാ കർഷകർക്ക് കൃഷി സഖികൾക്കുള്ള സാക്ഷ്യപത്രവും പ്രധാനമന്ത്രി കൈമാറും. രാജ്യത്തെ 732 കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, ഒരു ലക്ഷത്തിലധികം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, 5 ലക്ഷം പൊതു സേവന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലായി 2.5 കോടിയിലധികം കർഷകർ പരിപാടിയിൽ പങ്കെടുക്കും. 2019 ഫെബ്രുവരി 24-നാണ് പിഎം-കിസാൻ പദ്ധതി ആരംഭിച്ചത്. പദ്ധതിയിലൂടെ രാജ്യത്തുടനീളമുള്ള 11 കോടിയിലധികം കർഷകർക്ക് ഇതുവരെ 3.04 ലക്ഷം കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&&

### PM KISAN – KOTTAYAM

പിഎം കിസാൻ പദ്ധതിയുടെ പതിനേഴാം ഗഡു വിതരണ ഉദ്ഘാടനത്തോടനുബന്ധിച്ച് കോട്ടയം കുമരകത്തെ കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ കിസാൻ സമ്മേളനം സംഘടിപ്പിക്കും. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പങ്കെടുക്കും. സമ്മേളനത്തിൽ കർഷകർക്ക് കാർഷിക ഉൽപന്ന ഉപാധികൾ വിതരണം ചെയ്യും.

&&&&&&&&&&&&&&&&&

## US-INDIA

അമേരിക്കയുടെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക്ക് സള്ളിവന്റെ ഇന്ത്യാ സന്ദർശനം ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം ശക്തമാക്കുമെന്നും ഇന്തോ-പസഫിക് മേഖലയെ കൂടുതൽ സമ്പന്നമാക്കുമെന്നും വൈറ്റ് ഹൗസ്. ഏറ്റവും വലിയ ജനാധിപത്യ രാജ്യങ്ങളായ ഇന്ത്യയും അമേരിക്കയും സവിശേഷമായ സൗഹൃദം പങ്കിടുന്നതായി വൈറ്റ് ഹൗസ് നാഷണൽ സെക്യൂരിറ്റി കമ്മ്യൂണിക്കേഷൻസ് ഉപദേഷ്ടാവ് ജോൺ കിർബി പ്രതികരിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ജെയ്ക്ക് സള്ളിവൻ ഇന്നലെ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി സഹകരണത്തിന്റെ വിവിധ മേഖലകളിലെ പുരോഗതി, സള്ളിവൻ പ്രധാനമന്ത്രിയെ അറിയിച്ചു. വിദേശകാര്യമന്ത്രി എസ് ജയ്ശങ്കറുമായും സള്ളിവൻ ഇന്നലെ കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&

## NSA US-INDIA MEET INTRO

*ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ യു.എസ് സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക്ക് സള്ളിവനുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വളർന്നു വരുന്ന നിർണ്ണായക സാങ്കേതികവിദ്യകളുമായി ബന്ധപ്പെട്ട സംരംഭങ്ങൾ സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്തു. ഈ വിഷയത്തിൽ യു.എസും - ഇന്ത്യയും തമ്മിലുള്ള രണ്ടാമത്തെ യോഗമാണിത്. വിശദാംശങ്ങളിലേക്ക്............*

*(വോയിസ്)*

*ഇരുരാജ്യങ്ങളും തമ്മിൽ തന്ത്രപ്രധാനമായ സാങ്കേതിക പങ്കാളിത്തം ശക്തിപ്പെടുത്താനുള്ള കാഴ്ചപ്പാടുകൾ യോഗം ചർച്ച ചെയ്യു. ഉൽപാദനം, വികസനം, ഗവേഷണം തുടങ്ങിയ മേഖലകളിൽ പരസ്പരം സഹകരിച്ചും ഒരേ ആശയങ്ങളുള്ള രാഷ്ട്രങ്ങളുമായി ഏകോപനം വർധിപ്പിച്ചും മുന്നോട്ടു പോകാനുള്ള പ്രതിബദ്ധതക്ക് ഇരു രാജ്യങ്ങളും ഊന്നൽ നൽകി. നിർണായകവും വളർന്നുവരുന്നതുമായ സാങ്കേതിക മേഖലകളിലെ മുന്നേറ്റം ലക്ഷ്യമിട്ടുള്ള സഹകരണത്തിന് പ്രാധാന്യം നൽകാൻ ധാരണയായതായും വൈറ്റ് ഹൗസ് അറിയിച്ചു. അമേരിക്കയിലെയും, ഇന്ത്യയിലെയും ജനങ്ങൾക്കും ലോകമെമ്പാടുമുള്ള പങ്കാളികൾക്കും സുരക്ഷിതവും വിശ്വസനീയവും ചെലവ് കുറഞ്ഞതുമായ സാങ്കേതിക പരിഹാരങ്ങൾ ലഭ്യമാക്കുന്നതും ചർച്ചയായി. മാർച്ചിൽ സിയോളിൽ നടന്ന യു.എസ്-ഇന്ത്യ-ROK ട്രൈലാറ്ററൽ ടെക്നോളജി ഡയലോഗിന്റെ ഉദ്ഘാടന യോഗത്തെയും ഓസ്ട്രേലിയയുമായും ജപ്പാനുമായുള്ള ക്വാഡ് സഹകരണത്തെയും ഇരുരാജ്യങ്ങളും സ്വാഗതം ചെയ്യു. പിന്നീട് ഇന്ത്യ- യു.എസ് സുരക്ഷാ ഉപദേഷ്ടാക്കൾ വിളിച്ചു ചേർത്ത വ്യവസായ വട്ടമേശ യോഗത്തിൽ ഇരുരാജ്യങ്ങളിലേയും വ്യവസായ പ്രതിനിധികൾ പങ്കെടുത്തു. സ്വകാര്യ മേഖലയിലെ നിക്ഷേപവും സാങ്കേതിക മേഖലകളിലെ പങ്കാളിത്തവും വർധിപ്പിക്കാനും അമേരിക്കയും ഇന്ത്യയും ധാരണയായി.*

*ന്യൂസ്ഡെസ്ക് ആകാശവാണി......*

&&&&&&&&&&&&&&&&&&

**AMIT SHAH – MANIPUR**

മണിപ്പൂരിലെ സുരക്ഷാ സ്ഥിതിഗതികൾ അവലോകനം ചെയ്യാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഡൽഹിയിൽ ഉന്നതതല യോഗം ചേർന്നു. അക്രമം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ അദ്ദേഹം നിർദേശിച്ചു. മെയ്തി, കുക്കി സമുദായ പ്രതിനിധികളുമായി ആഭ്യന്തര മന്ത്രാലയം ഉടൻ ചർച്ച നടത്തുമെന്ന് കേന്ദ്രമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

**NITIN GADKARI**

ജമ്മു കശ്മീരിലെ റോഡ്- ഹൈവേ പദ്ധതികൾ അവലോകനം ചെയ്യുന്നതിനായി കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയുടെ നേതൃത്വത്തിൽ ശ്രീനഗർ രാജ്ഭവനിൽ ഉന്നതതല യോഗം ചേർന്നു. ജമ്മു കാശ്മീരിൽ വലിയ തോതിൽ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിക്കും ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ നന്ദി അറിയിച്ചു. മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സാമ്പത്തിക വളർച്ച കൈവരിക്കുകയും ചെയ്യുന്നതിനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ശ്രീ സിൻഹ പറഞ്ഞു.

&&&&&&&&&&&&&&&&&

## HEADLINE-3

### CM – HC

കരിമണൽ ഖനനവുമായി ബന്ധപ്പെട്ട പണമിടപാട് ആരോപണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ , മകൾ വീണ ഉൾപ്പെടെയുള്ളവർക്ക് നോട്ടീസ് അയയ്ക്കാൻ ഹൈക്കോടതി നിർദേശിച്ചു. വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് നൽകിയ ഹർജി തിരുവനന്തപുരം വിജിലൻസ് കോടതി തള്ളിയതിനെതിരെ മാത്യു കുഴൽനാടൻ എംഎൽഎ സമർപ്പിച്ച ക്രിമിനൽ റിവിഷൻ പെറ്റീഷനിലാണ് കോടതി നടപടി. കേസ് ഹൈക്കോടതി അടുത്തമാസം രണ്ടിന് പരിഗണിക്കും.

&&&&&&&&&&&&&&&&&

### KAKKANAD– VEENA GEORGE

എറണാകുളം കാക്കനാട് ഫ്ലാറ്റിൽ താമസിക്കുന്ന നിരവധിപേർക്ക് വയറിളക്കവും ഛർദിയുമുണ്ടായത് ഗൗരവമേറിയ വിഷയമാണെന്നും ശക്തമായ നടപടിയെടുക്കുമെന്നും ആരോഗ്യ മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പ് ഡയറക്ടറോട് അടിയന്തരമായി ഇടപെടാൻ നിർദേശം നൽകിയിട്ടുണ്ട്. ഫ്ലാറ്റിലെ കുടിവെള്ള സ്രോതസുകൾ പരിശോധിക്കുമെന്നും ആരോഗ്യമന്ത്രി അറിയിച്ചു. ഫ്ലാറ്റ് സമുച്ചയത്തിലെ 300 ലധികം പേർക്കാണ് ചർദ്ദിയും വയറിളക്കവും ഉണ്ടായത്.

&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത്' ഈ മാസം 30-ന്. തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയായി നരേന്ദ്ര മോദി അധികാരമേറ്റ ശേഷം പ്രക്ഷേപണം ചെയ്യുന്ന മൻ കി ബാത്തിൻറെ ആദ്യ പതിപ്പായിരിക്കും ഇത്.

&&&&&&&&&&&&&&&&&

## SURESH GOPI – MANN KI BAAT

മൻ കി ബാത്ത് പ്രതിമാസ റേഡിയോ പരിപാടിയെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തിൻറെ മൂന്നാം പതിപ്പിന് നാളെ തുടക്കമാകും. കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ക്വിസ് മത്സരത്തോടൊപ്പം വായനാദിന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിൻകീഴിലുള്ള നെഹ്റു യുവകേന്ദ്രയാണ് ക്വിസ് മത്സരത്തിൻറെ സംഘാടകർ.

&&&&&&&&&&&&&&&&&

## HEADLINE-4

## T20 WORLD CUP CRICKET

ഐ സി സി ട്വൻറി-20 ലോകകപ്പിൻറെ സൂപ്പർ EIGHT മത്സരങ്ങൾക്ക് നാളെ തുടക്കമാകും. അമേരിക്കയും ദക്ഷിണാഫ്രിക്കയും തമ്മിലാണ് ആദ്യ മത്സരം. അവസാന ഗ്രൂപ്പ് ഘട്ട മത്സരത്തിൽ അഫ്ഗാനിസ്ഥാനെതിരെ വെസ്റ്റ് ഇൻഡീസിന് 104 റൺ വിജയം.

&&&&&&&&&&&&&&&&&

## JAVELIN– NEERAJ

ഫിൻലൻഡിലെ റ്റുർക്കുവിൽ നടക്കുന്ന ലോക അത്‌ലറ്റിക്സ് – കോണ്ടിനെൻറൽ ഗോൾഡ് ടൂറിൽ ജാവലിനിൽ, ഒളിമ്പിക്സ് , ലോക ചാമ്പ്യൻ നീരജ് ചോപ്ര ഇന്ന് ഇറങ്ങും. ജർമ്മനിയുടെ മാക്സ് ഡെഹ്നിംഗ് ആണ് ഇന്ത്യൻ താരം നീരജ് ചോപ്രയുടെ പ്രധാന വെല്ലുവിളി.

&&&&&&&&&&&&&&&&&&

**HEADLINE-5**

**IMD**

രാജ്യത്തെ വടക്കൻ മേഖലയിൽ ശക്തമായ ഉഷ്ണതരംഗം തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഡൽഹി, ഉത്തർപ്രദേശ് ഉൾപ്പെടെയുള്ള ഇടങ്ങളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. അതേസമയം, പശ്ചിമ ബംഗാൾ, അസം, മേഘാലയ എന്നിവിടങ്ങളിൽ അടുത്ത മൂന്ന് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്. മഹാരാഷ്ട്ര, ഛത്തീസ്ഗഢ്. ഒഡിഷ, ആന്ധ്രാപ്രദേശിൻറെ തീരദേശ മേഖല, ബംഗാൾ ഉൾക്കടലിലെ വടക്കു പടിഞ്ഞാറൻ പ്രദേശം, പശ്ചിമ ബംഗാളിലെ ഗംഗാ സമതല മേഖല, സബ് ഹിമാലയൻ മേഖല, ബിഹാറിലെ ചില പ്രദേശങ്ങൾ എന്നിവിടങ്ങളിൽ അടുത്ത നാലു ദിവസത്തിൽ തെക്കു പടിഞ്ഞാറൻ കാലവർഷം വ്യാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&

**KERALA – RAIN**

കേരളത്തിൽ ശനിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലും ഇന്ന് ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. കേരള തീരത്ത് ഇന്നും നാളെയും തമിഴ്നാട് തീരത്ത് നാളെ രാത്രി 11.30 വരെയും ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

**SRI LANKA – FISHERMEN ARREST**

അതിർത്തി ലംഘിച്ചതിന് നാല് ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ ശ്രീലങ്കൻ നാവിക സേന അറസ്റ്റ് ചെയ്തു. പുതുക്കോട്ടൈ സ്വദേശികളാണ് പിടിയിലായത്. ചോദ്യംചെയ്യലിനായി മത്സ്യത്തൊഴിലാളികളെ കങ്കേസൻതുറൈ തുറമുഖത്തേക്ക് കൊണ്ടു പോയി.

&&&&&&&&&&&&&&&&&

**SENSEX+ GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ മുന്നേറ്റം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 237 പോയിൻറ് നേട്ടത്തിൽ 77,230 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 75 പോയിൻറ് ഉയർന്ന് 23,540 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില കുറഞ്ഞു. പവന് 80 രൂപ കുറഞ്ഞ് 52,960 രൂപയും ഗ്രാമിന് 6,620 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&

**FITCH-GDP**

ഈ സാമ്പത്തിക വർഷം ഇന്ത്യയുടെ വളർച്ചാ നിരക്ക് 7.2 ശതമാനമാകുമെന്ന് ഫിച്ച് റേറ്റിങ്. നിക്ഷേപം വർദ്ധിച്ചതും ഉപഭോക്താക്കളുടെ ചെലവുമാണ് വളർച്ച നിരക്ക് ഉയരാൻ സഹായകമാകുന്ന ഘടകങ്ങൾ. ആഗോള വളർച്ചാ നിരക്ക് ഈ വർഷം 2.4 ശതമാനത്തിൽ നിന്ന് 2.6 ശതമാനമാകുമെന്നാണ് ഫിച്ച് റേറ്റിങ്ങിന്റെ ഇന്ന് പുറത്തിറക്കിയ Global Economic Outlook റിപ്പോർട്ടിൽ പറയുന്നത്.

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&